**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** **03-02-2026 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരമേഖലയുടെ പുരോഗതിയിൽ തീരദേശ ഹൈവേ വഹിക്കുന്ന പങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജനതയിൽ 10 ശതമാനം പേർക്ക് ഉപജീവനവും വരുമാനവും പ്രദാനം ചെയ്യുന്ന വിനോദസഞ്ചാരമേഖലയുടെ പുരോഗതിയിൽ തീരദേശ ഹൈവേ നിർമ്മാണം നിർണ്ണായക സ്വാധീനം വഹിക്കാനുള്ള സാധ്യതകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളിലേക്കുള്ള ആക്സസിബിലിറ്റി കൂട്ടുകയും സഞ്ചാരികളുടെ യാത്ര കൂടുതൽ സുഗമമാക്കുകയും ചെയ്യുമെന്നും ഇത് വിനോദസഞ്ചാര രംഗത്തിനു ഗുണപ്രദമാകുമെന്നും പ്രതീക്ഷിയ്ക്കുന്നു. നിലവിൽ ടൂറിസം പ്രവർത്തനങ്ങൾ ഇല്ലാത്ത തീരദേശ പ്രദേശങ്ങളിലേക്ക് സഞ്ചാരികൾ വരുന്നതിന് ഇത് കൂടുതൽ സഹായകരമാകുന്നതോടൊപ്പം ടൂറിസം വളർച്ച പ്രാദേശിക തൊഴിൽ സംരംഭങ്ങൾ എന്നിവയിലും പുരോഗതി ഉണ്ടാകുന്നതിനും ഇടയാകുമെന്ന് പ്രതീക്ഷിയ്ക്കുന്നു. സംസ്ഥാന സർക്കാർ അംഗീകരിച്ച ക്രൂയിസ് നയം നടപ്പിലാക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കം കൂട്ടുന്നതിനും തീരദേശ ടൂറിസം വികസനത്തിന് വേഗത പകരുന്നതിനും തീരദേശ ഹൈവേ സഹായകമാകും. പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവ വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നു വരികയാണ് . |
| (ബി) | സംസ്ഥാന വികസനത്തിലെ സ്വപ്ന പദ്ധതികളിൽ ഒന്നായ തീരദേശ ഹൈവേയുടെ വികസനത്തോടെ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | തീരദേശ ഹൈവേയുടെ വികസനത്തോടെ കടലോര സഞ്ചാരത്തിന് സാദ്ധ്യത കൂടുമെന്നതിനാൽ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാദ്ധ്യത തുറന്നു കിട്ടും. |
| (സി) | തീരദേശ ഹൈവേയുടെ നിർമ്മാണം കേരളത്തിലെ വിവിധ തീരപ്രദേശങ്ങളുടെ വൈവിധ്യമാർന്ന വികസനത്തിനും വിനോദസഞ്ചാര മേഖലയുടെ വളർച്ചക്കും കാരണമാകുമെന്നും ഒപ്പം ജനങ്ങൾക്കുള്ള തൊഴിൽ സാധ്യത വർദ്ധിപ്പിക്കുമെന്നും കരുതുന്നുണ്ടോ; വിശദമാക്കുമോ? | (സി) | തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളിലേക്കുള്ള ആക്സസിബിലിറ്റി കൂട്ടുകയും സഞ്ചാരികളുടെ യാത്ര കൂടുതൽ സുഗമമാക്കുകയും ചെയ്യുമെന്നും ഇത് വിനോദസഞ്ചാര രംഗത്തിനു ഗുണപ്രദമാകുമെന്നും പ്രതീക്ഷിയ്ക്കുന്നു . നിലവിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഇല്ലാത്ത തീരദേശ പ്രദേശങ്ങളിലേക്ക് സഞ്ചാരികൾ വരുന്നതിന് ഇത് സഹായകരമാകുന്നതോടൊപ്പം വിനോദ സഞ്ചാര വളർച്ചയ്ക്കും പ്രാദേശിക തൊഴിൽ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളുടെ പുരോഗതിക്കും ഇടയാക്കും എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ട്രാവൽ ലോഞ്ച് , അമിനിറ്റി സെന്റർ തുടങ്ങിയവ സ്ഥല ലഭ്യതയ്ക്ക് അനുസൃതമായി ആവിഷ്കരിച്ച് നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. ക്രൂയിസ് ടൂറിസം നയത്തിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് തീരദേശ ഹൈവേ ഗുണം ചെയ്യും. |

സെക്ഷൻ ഓഫീസർ